**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *78.** **27.04.2017 ന് മറുപടിയ്ക്ക്**

**ദേശീയ-സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി<br>,, എം. രാജഗോപാലൻ<br>,, ആന്റണി ജോൺ<br>,, വി. ജോയി :** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ നിന്ന് അര കിലോ മീറ്ററിനുള്ളിലുള്ള കള്ളുഷാപ്പുകൾ ഉൾപ്പെടെയുള്ള മദ്യശാലകൾ പൂട്ടണമെന്ന സുപ്രീംകോടതി വിധി സംസ്ഥാനത്തുണ്ടാക്കിയിട്ടുള്ള പ്രശ്നങ്ങൾ അറിയിക്കാമോ; | (എ) | ബഹു. സുപ്രീംകോടതിയുടെ 31.03.2017-ലെ CA.No.12164-12166/16-ാം നമ്പർ കേസ്സുകളിലെ വിധിന്യായപ്രകാരം ദേശീയ/ സംസ്ഥാന പാതകളിൽ നിന്നും കാണുന്ന തരത്തിലോ, നേരിട്ട് പ്രവേശിക്കുന്ന തരത്തിലോ, ദേശീയ/സംസ്ഥാന പാതയോരങ്ങളിൽ നിന്നും 500 മീറ്ററിനുള്ളിലോ ഒരു മദ്യഷാപ്പുകളും 01.04.2017 മുതൽ പ്രവർത്തിക്കുവാൻ പാടില്ലായെന്ന് ഉത്തരവായിട്ടുള്ളതാണ്. കേരള സംസ്ഥാനത്തിൽ 137 എഫ്.എൽ 1 (ഫോറിൻ ലിക്വർ റീട്ടയിൽ ഷോപ്പ്) ഷോപ്പുകളും, 8 ബാർ ഹോട്ടലുകളും (എഫ്.എൽ.3), 18 ക്ലബ്ബ് ലൈസൻസുകളും (എഫ്.എൽ.4എ), 9 മിലിട്ടറി ക്യാന്റീൻ ലൈസൻസുകളും (എഫ്.എൽ.8), 532 ബിയർ/വൈൻപാർലറുകളും (എഫ്.എൽ.11), ഒരു ബിയർ ഔട്ട്ലെറ്റ് ലൈസൻസും (എഫ്.എൽ.12), 1092 കള്ള്ഷാപ്പുകളും ടി വിധിയുടെ അടിസ്ഥാനത്തിൽ 01.04.2017 മുതൽ തുറന്ന് പ്രവർത്തിക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇതിന്റെ ഫലമായി സർക്കാരിന് ഉദ്ദേശം 5,000/- കോടി |

| | | | |
|---|---|---|---|
| | | | രൂപയുടെ റവന്യൂ വരുമാന നഷ്ടമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ബഹു. സുപ്രീം കോടതിയുടെ ടി ഉത്തരവ് കേരളത്തിലെ ടൂറിസം മേഖലയിൽ പ്രതികൂലമായി ബാധിക്കാനും തന്മൂലം സർക്കാരിന് ടി മേഖലയിൽ നിന്നുള്ള റവന്യൂ വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടാകുവാനിടയുണ്ട്. സർക്കാരിനുണ്ടാകുന്ന റവന്യൂ നഷ്ടം സർക്കാരിന്റെ വികസന ജനക്ഷേമ പദ്ധതികളെ ദോഷകരമായി ബാധിക്കുന്നതാണ്. അംഗീകൃത മദ്യം ലഭിക്കാതെ വരുമ്പോൾ, മദ്യം ഉപയോഗിക്കുന്നവർ വ്യാജമദ്യ മടക്കമുള്ള മറ്റ് ലഹരിവസ്തുക്കൾ ഉപയോഗിക്കുന്ന സാഹചര്യമുണ്ട്. മദ്യ-മയക്ക് മരുന്ന് ലോബികൾ ടി അവസരം പ്രയോജനപ്പെടുത്തി നമ്മുടെ രാജ്യത്തെ യുവതലമുറയെ മയക്ക് മരുന്നിലേക്ക് തള്ളിവിടുന്ന അവസ്ഥ സംജാതമാകും. വിദേശമദ്യ റീട്ടയിൽ ഷോപ്പുകളും, കള്ള്ഷാപ്പുകളും മറ്റ് സ്ഥലങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുവാൻ കഴിയും. എന്നാൽ ബാർ ഹോട്ടലുകളും ബിയർ, വൈൻ പാർലറുകൾ മാറ്റി സ്ഥാപിക്കുക അത്ര എളുപ്പമുള്ള കാര്യമല്ല. വിദേശ മദ്യഷാപ്പുകളും, കള്ള്ഷാപ്പുകളും പുതിയ സ്ഥലത്തേക്ക് മാറ്റിവയ്ക്കുന്നതിന് ശ്രമങ്ങൾ നടത്തിവരുന്നു. |
| (ബി) | സംസ്ഥാനത്ത് മദ്യനിരോധനം നടപ്പാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ, മദ്യം ഉപയോഗിക്കുന്നവർക്ക് | (ബി) | മദ്യനിരോധനം നടപ്പാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ, മദ്യം ഉപയോഗിക്കുന്നവർക്ക് നല്ല മദ്യം ലഭ്യമാക്കാനുള്ള ബാധ്യതയെ ബഹു. സുപ്രീംകോടതി വിധി സാരമായി |

| | | | |
|---|---|---|---|
| | നല്ല മദ്യം ലഭ്യമാക്കാനുള്ള ബാധ്യതയെ ഈ വിധി എങ്ങനെ ബാധിക്കുമെന്ന് പറയാമോ; | | ബാധിക്കുവാനിടയില്ല. എന്നാൽ ദേശീയ/ സംസ്ഥാന പാതകളിൽ നിന്നും കാണുന്ന തരത്തിലോ, നേരിട്ട് പ്രവേശിക്കുന്ന തരത്തിലോ, ദേശീയ/സംസ്ഥാന പാതയോരങ്ങളിൽ നിന്നും 500 മീറ്ററിനുള്ളിലോ മദ്യഷാപ്പുകൾ സ്ഥാപിക്കുവാൻ പാടില്ലായെന്നതിനാൽ ടി പാതയോരങ്ങളിൽ നിന്നും 500 മീറ്റർ ദൂരപരിധി കഴിഞ്ഞുള്ള സ്ഥലം ലഭ്യമാകാത്ത സ്ഥലങ്ങളിലും ബാർ ഹോട്ടലുകൾ, ബിയർ/ വൈൻ പാർലറുകൾ എന്നിവ അടഞ്ഞു പോകുന്ന സാഹചര്യത്തിലും പാതയോരങ്ങളിൽ മദ്യലഭ്യത കുറയുന്നത് വ്യാജ മദ്യലോബികൾ മുതലാക്കി വ്യാജമദ്യ വിൽപ്പന നടത്തുന്നതിനുള്ള സാഹചര്യം ഉണ്ടാകുവാനിടയുണ്ട്. |
| (സി) | പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിനോ ചട്ടങ്ങൾക്കോ വിരുദ്ധമല്ലാത്ത ഇക്കാര്യത്തിൽ, സർക്കാരിന്റെ നയത്തിനെ അപ്രസക്തമാക്കുന്നതാണോ വിധിയെന്ന കാര്യം പരിശോധിച്ചിരുന്നോ; സർക്കാരിന്റെ നയങ്ങൾ ഭരണഘടനക്ക് വിരുദ്ധമല്ലെങ്കിൽ, അത് തള്ളിക്കളയാൻ ജുഡിഷ്യറിക്ക് അധികാരമുണ്ടോ എന്ന കാര്യം അറിയിക്കാമോ? | (സി) | ബഹു:സുപ്രീംകോടതി വിധി നിയമപരമായി പരിശോധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ